**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 779** **14-10-2026-ൽ മറുപടിയ്ക്ക്**

**ഉന്നതികളുടെയും ആദിവാസി ഊരുകളുടെയും സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** ഉന്നതികളുടെയും ആദിവാസി ഊരുകളുടെയും സമഗ്രവികസനത്തിനായി എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**മറുപടി: ഊരുകളുടെ സമഗ്ര വികസനം ലക്ഷ്യം വെച്ച് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്:**

1. **അംബേദ്കർ സെറ്റിൽമെൻ്റ് വികസന പദ്ധതി**
2. **ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് സ്കീം**
3. **കോർപ്പസ് ഫണ്ട്**
4. **പട്ടികവർഗ്ഗ ഉന്നതികൾക്കായുള്ള ഉപജീവന മിഷൻ**

**(ബി)** എങ്കിൽ ഇതിലേക്കായി എത്ര കോടി രൂപയാണ് നീക്കി വെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**മറുപടി:**

| പദ്ധതി | നിലവിൽ നീക്കി വച്ച തുക (രൂപ) | മുൻസർക്കാർ നീക്കി വച്ച തുക (രൂപ) |
|---|---|---|
| അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി | 32 കോടി | 42 കോടി |
| ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീം | 5 കോടി | 11.50 കോടി |
| കോർപ്പസ് ഫണ്ട് | 52 കോടി | 46 കോടി |
| പട്ടികവർഗ്ഗ ഉന്നതികൾക്കായുള്ള ഉപജീവന മിഷൻ | 8 കോടി | 8 കോടി |

**(സി)** ഊരുകളുടെ സമഗ്ര വികസനത്തിനായി കഴിഞ്ഞ സർക്കാർ നീക്കിവെച്ച തുക എത്രയാണെന്നും നിലവിൽ എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** പ്രസ്തുത തുകയിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ?

**മറുപടി:** മുൻ വർഷത്തെ ചെലവിന് ആനുപാതികമായി അംബേദ്കർ സെറ്റിൽമെൻ്റ് വികസന പദ്ധതി, ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീം എന്നീ പദ്ധതികളിൽ ഈ വർഷം കുറവ് വന്നിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**